# പ്രപഞ്ചസൃഷ്ടിയുടെ ആവർത്തനം

## ജോൺമാത്യു

**'നീ** നില്ക്കുന്ന സ്ഥലം വിശുദ്ധഭൂമിയാകയാൽ കാലിൽനിന്ന് ചെരിപ്പ് അഴിച്ചുകളയുക എന്ന് കല്പിച്ചു.' പുറപ്പാട് : 3 : 5

കലാകാരന്മാർ തങ്ങളുടെ ഭാവനയിൽ കാണുന്നത് ഈ പ്രപഞ്ചം മുഴുവൻ നിറങ്ങളും വെളിച്ചവും ആണെന്നാണ്.

വെളിച്ചം നല്ലതെന്ന് ദൈവം കണ്ടു.

ഈ പ്രപഞ്ചസൃഷ്ടിയുടെ തുടക്കം ഒരു കലാസൃഷ്ടിയിൽക്കൂടി നേരിട്ടൊന്ന് കാണാനുള്ള അവസരം വിലപ്പെട്ടതെന്നുതന്നെ കരുതുകയാണ്.

ഹൂസ്റ്റനിലെ മ്യൂസിയം ഓഫ് ഫൈൻ ആർട്ട്സിൽ പ്രദർശിപ്പിച്ചിരിക്കുന്ന 'വെളിച്ചവും നിറങ്ങളും' കലർന്ന പ്രപഞ്ചത്തിലേക്ക് കടക്കുന്നതിനുമുൻപ് ചെരിപ്പുകൾ അഴിച്ചു വെക്കണമെന്നായിരുന്നു നിർദ്ദേശം. ഇത് വിശുദ്ധഭൂമിയാണ്!

ജയിംസ് റ്ററൽ എന്ന കലാകാരന്റെ സ്വപ്നമായ ഈ 'ദേവാലയ'ത്തിൽ മങ്ങിയ വെളിച്ചം. മുകളിലും വശങ്ങളിലും നേരെ മുന്നിലും അവിശ്വസനീയമായ അഗാധതയുടെ വിശ്വരൂപം. മേഘങ്ങളുടെ ഉള്ളിൽ അകപ്പെട്ടതുപോലെ! ചലനമില്ലാതെ, ശബ്ദമില്ലാതെ, പ്രതിമപോലെ ശൂന്യതയിലേക്ക് നോക്കി നില്ക്കുന്ന കുറേ മനുഷ്യർ. അവർ ധ്യാനത്തിലാണോ? ഞാനും ഭാര്യ ബേബിയും അവരുടെയൊപ്പംകൂടി.

വെറും ദൃശ്യഭംഗിക്കുവേണ്ടിയല്ല ഈ കലാസൃഷ്ടികൾ, പകരം ഒരു അനുഭവമാണ്. ജയിംസ് റ്ററലിന്റെ അസംസ്കൃത വസ്തുക്കൾ വെളിച്ചം, മാനം, പ്രത്യക്ഷതാബോധം എന്നിവ. അദ്ദേഹത്തിന്റെ ഈ ജീവിതകാലസ്വപ്നത്തെ എങ്ങനെയാണ് വിശേഷിപ്പിക്കേണ്ടത്. ഘനരഹിതം, നിസീമം, പ്രൗഢം, അനന്തം എന്നൊക്കെ പറയാൻ മാത്രമേ എനിക്ക് വാക്കുകളുള്ളൂ.

ഒരു എഴുത്തുകാരന്റെ ഒഴിച്ചുകൂടാൻപാടില്ലാത്ത വിദ്യാലയമാണ് ആർട്ട് മ്യൂസിയങ്ങൾ. അമേരിക്കയിലെ മറ്റേത് വൻ നഗരംപോലെയും ഇക്കാര്യത്തിൽ ഹൂസ്റ്റൻ സമ്പന്നമാണ്. ലോകത്തിലെ പ്രശസ്ത മ്യൂസിയങ്ങളിൽനിന്ന് കടംവാങ്ങികൊണ്ടുവരുന്ന ചിത്രങ്ങൾ കാണാൻ കഴിയുന്നതുതന്നെ ഭാഗ്യം.

കേരളത്തിൽനിന്നെത്തിയ എത്രയോ സാഹിത്യകാരന്മാരുമായി ഈ ഫൈൻ ആർട്ട്സ് മ്യൂസിയത്തിലെ അപ്പഴപ്പോഴുള്ള പ്രദർശനങ്ങൾ കണ്ട് ആസ്വാദിക്കാൻ കഴിഞ്ഞിട്ടുണ്ട്. കാക്കനാടനും, എം. മുകുന്ദനും ഡി. വിനയചന്ദ്രനും പുനത്തിൽ കുഞ്ഞബ്ദുള്ളയും ഡോ. എം.എം. ബഷീറും മറ്റും ഹൂസ്റ്റൻ സന്ദർശിച്ചപ്പോൾ ഫൈൻ ആർട്ട്സ് മ്യൂസിയം ചുറ്റിനടന്ന് കണ്ട് ദിവസം മുഴുവൻ നീണ്ടുനില്ക്കുന്ന 'മ്യൂസിയം പഠനത്തിൽ' എന്റെ ഒപ്പം ചേർന്നിട്ടുണ്ട്. ഇവരുടെയൊക്കെ അറിവും പരിചയവും കലാസൃഷ്ടികളെ വിലയിരുത്തുന്നതിൽ പ്രയോജനപ്പെട്ടിട്ടുണ്ട്. ഒരു വർഷം മുൻപാണ് സതീഷ് ബാബു പയ്യന്നൂരിനൊപ്പം മ്യൂസിയത്തിലെ അനിമേഷൻ കലാരൂപങ്ങൾ കണ്ടത്.

ചിത്രങ്ങൾ മനസ്സിലാക്കുന്നതിലും പ്രായോഗികമായി പഠിക്കുന്നതിനും സജ്ജീവമായും നിരന്തരമായും എന്റെയൊപ്പം പങ്കെടുക്കുന്നത് ഹൂസ്റ്റനിലെ ആർട്ടിസ്റ്റ് ഷാജി പാംസ്. എഴുത്തുകാരന്റെ വാക്കുകൾ രൂപങ്ങളായി അദ്ദേഹം കണ്ടെത്തുന്നു. സാഹിത്യത്തിലെ പ്രസ്ഥാനങ്ങൾ ആദ്യം പ്രത്യക്ഷപ്പെടുന്നത് ചിത്രകലയിലാണ്. അതുകൊണ്ടുതന്നെ എഴുത്തുകാർ ഈ രംഗത്തുണ്ടാകുന്ന മാറ്റങ്ങളും ശ്രദ്ധിച്ചേതീരൂ.

ഏതാനും മാസങ്ങൾക്ക് മുൻപ് നിറങ്ങളുടെ ആഘോഷവുമായി സ്പാനീഷ് കൊട്ടാരങ്ങളിൽനിന്നെത്തിയ ചിത്രങ്ങളുടെ ഉത്സവമായിരുന്നു. ഇതേ കടംവാങ്ങലിന്റെ പരമ്പരയിൽപ്പെട്ടതാണ് ഇപ്പോഴത്തെ ജയിംസ് റ്ററലിന്റെ വെളിച്ചത്തിന്റെ പ്രദർശനവും.

പൈലറ്റ് ആയി ജീവിതവൃത്തി ആരംഭിച്ച ജയിംസ് റ്ററലിന് തുറന്ന ആകാശം ആവേശം നൽകി. ഉയരത്തിൽ പറക്കുമ്പോൾ ശൂന്യാകാശത്തിൽക്കൂടി വെളിച്ചം മുറിച്ചുകടന്നുവന്ന് ഐന്ദ്രജാലികമായ അടുക്കുകൾ സൃഷ്ടിക്കുന്നത് കാണാൻ കഴിഞ്ഞു. ഋതുഭേദങ്ങളും ആകാശനീലിമയും ജലകണികകളും സ്വപ്ന

ദർശനങ്ങളുണ്ടാക്കി. അതുകൊണ്ടാണ് ഈ കലാകാരൻ കാൻവാസിനുപകരം വിശാലമായ ആകാശം തന്നെ തന്റെ ചിത്ര ലേഖനത്തിന് തെരഞ്ഞെടുത്തത്. ഇതിന്റെ മുന്നിൽ നാമൊക്കെ സ്വയം ഇല്ലാതായി സ്തംഭിച്ച് നിന്നുപോയില്ലെങ്കിലല്ലേ അത്ഭുതം.

മ്യൂസിയത്തിലെ കലാരൂപങ്ങൾ ആസ്വദിക്കുകയല്ലാതെ ആഴത്തിലുള്ള പഠനം നടത്താനൊന്നും ഞാനാളല്ല. അനിമേഷന്റെ അസാമാന്യ സാദ്ധ്യതകൾ ഒരിക്കൽ കണ്ടു, സ്വപ്നത്തിന്റെ ചിത്രങ്ങൾ കണ്ടു. യൂറോപ്പിൽനിന്നുള്ള ക്ലാസിക് പെയ്ന്റിങ്ങുകൾ എത്രയോ പ്രാവശ്യം കണ്ടിരിക്കുന്നു. ഇവയിൽനിന്നൊക്കെ തികച്ചും വ്യത്യസ്തവും വിഭിന്നവുമാണ് ജയിംസ് റ്ററലിന്റെ ഭാവന.

ഒരിക്കൽ കണ്ടാൽ മറക്കാനാവാത്ത ആകർഷണീയമായ നരച്ച മുടിയും താടിയുമുള്ള ജയിംസ് റ്ററലിന് ഇപ്പോൾ എഴുപത് വയസ് കഴിഞ്ഞിരിക്കുന്നു. പതിനാറാമത്തെ വയസിൽത്തന്നെ വിമാനം പറത്താനുള്ള ലൈസൻസ് വശത്താക്കിയിരുന്നു. ഈ പറക്കൽ അനുഭവത്തിലൂടെയാണ് അമേരിക്കയിലെ പടിഞ്ഞാറൻ സംസ്ഥാനങ്ങളിലെ തുറന്ന ആകാശം തടസങ്ങളില്ലാതെ ദീർഘനേരം കാണാൻ കഴിഞ്ഞത്. ഇത് വിഭ്രാന്തി ജനിപ്പിക്കുന്ന ഉദ്ബോധകശക്തി പകർന്നുകൊടുത്തു. ഇതിനോടൊപ്പം ചിത്രകലയിൽ നിരന്തരം ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങളും അദ്ദേഹത്തെ സ്വാധീനിച്ചു.

പരമ്പരാഗതമായ കലാരൂപമാണ് വെളിച്ചവും നിറങ്ങളും ചേർത്ത ഈ സൃഷ്ടികളെന്ന് പറയുന്നില്ല. കേവലഭാവനക്ക്, യുക്തിക്ക് ഒറ്റതിരിഞ്ഞ തപസ്യക്ക്, പ്രവർത്തനത്തിന് ഉപരിയായി എത്രയോ സാങ്കേതിക വിദഗ്ധരുടെ സേവനംകൂടി ഇതുപോലെയുള്ള ആവിഷ്ക്കാരങ്ങളുടെ പിന്നിൽ ആവശ്യമുണ്ട്.

ഇവിടെ എടുത്തു പറയേണ്ടുന്ന മറ്റൊരു കാര്യം ഈ കലാസൃഷ്ടികൾ സാധാരണക്കാർക്ക് അപ്രാപ്യമാണെന്നതാണ്. വെളിച്ചത്തിന്റെ ചിത്രവും യൂറോപ്യൻ പെയിന്റിംഗ്സും എല്ലാം ലോകത്തിലെ മികച്ച കാഴ്ചബംഗ്ലാവുകളിൽ മാത്രമേ കാണാൻ കഴിയൂ. അവർക്കേ ഇത് കടം വാങ്ങാൻപോലും ശേഷിയുള്ളൂ. ഇനിയും ഈ സൗകര്യങ്ങൾ എല്ലാമുണ്ടായിട്ടും ചുരുക്കം ചിലർ മാത്രമേ ഇത് മുതലെടുക്കുന്നുമുള്ളൂ. സാഹിത്യവും ചിത്രകലയുമായുള്ള ബന്ധം കണക്കിലെടുത്ത് എഴുത്ത് ഗൗരവമായി കണക്കാക്കുമ്പോൾ ഇങ്ങനെയുള്ള സന്ദർഭങ്ങൾ ഉപയോഗിക്കുകതന്നെ വേണം.

—0—